ദേശാഭിമാനി **26 September 2021**

# കടൽപ്പായൽ കൃഷി വ്യാപിപ്പിക്കാൻ പദ്ധതി

**കൊച്ചി**

കടൽപ്പായൽ കൃഷി അടിസ്ഥാനമാക്കിയുള്ള സുസ്ഥിര സമ്പദ് വ്യവസ്ഥ (സിവീഡ് ഇക്കോണമി) വികസിപ്പിക്കാൻ കേന്ദ്രം ഒരുങ്ങുന്നതായി ഫിഷറീസ് സെക്രട്ടറി ജതീന്ദ്രനാഥ് സ്വൈൻ പറഞ്ഞു. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. വൻതോതിൽ കടൽപ്പായൽ കൃഷി ചെയ്ത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ വരുമാനം വർധിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു.

കാലാവസ്ഥവ്യതിയാനത്തിന്റെ പ്രത്യാഘാതം ചെറുക്കാൻ കടൽപ്പായൽ കൃഷിയിലൂടെ സാധിക്കും. പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന പദ്ധതിയിൽ കടൽപ്പായൽ കൃഷിക്ക് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. കൃഷിക്കായി വിത്തുബാങ്ക് സ്ഥാപിക്കാൻ സിഎംഎഫ്ആർഐ തയ്യാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വരുമാനം വർധിപ്പിക്കുന്ന കൂടുകൃഷി ജനകീയമാക്കുന്നതിൽ സിഎംഎഫ്ആർഐ വലിയ പങ്കാണ് വഹിച്ചതെന്നും അദ്ദേഹം പറഞ്ഞു. ഫിഷറീസ് ജോയിന്റ് സെക്രട്ടറി ഡോ. ജെ ബാലാജി, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.